**പതിമൂന്നാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1417    04.12.2014 ൽ മറുപടിക്ക്**

# റിലയൻസ് കേബിൾ വലിക്കുന്നതിന് അനുമതി

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീ കെ വി വിജയദാസ്** | | **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പ് മന്ത്രി)** |
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരളത്തിലെ റോഡുകളിലൂടെ റിലയൻസ് കേബിൾ വലിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കിലോമീറ്റർ കേബിൾ വലിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ; | എ) | വിവരസാങ്കേതിക വകുപ്പിൽ നിന്നും സ.ഉ (എം.എസ്) നം.16/2013/വി.സാ.വ, തീയതി 14.06.2013, സ.ഉ (എം.എസ്) നം.30/2013/വി.സാ.വ, തീയതി 11.10.2013 സർക്കാർ ഉത്തരവുകൾ പ്രകാരം കേരളത്തിലുടനീളം 3306.26 കിലോമീറ്റർ ദൂരത്തിൽ ഒപ്റ്റികൽ ഫൈബർ കേബിൾ ഇടുവാനുള്ള അനുമതി M/s Reliance Jio Infocomm ന് നൽകിയിട്ടുണ്ട്. |
| ബി) കിലോമീറ്ററിന് എത്ര രൂപ നിരക്കിലാണ് സർക്കാർ ഇതിന് അനുമതി നൽകിയിട്ടുള്ളത്; മറ്റ് സംസ്ഥാനങ്ങളിലേതുമായി പ്രസ്തുത തുക താരതമ്യം ചെയ്തിട്ടുണ്ടോ ; വിശദവിവരം നൽകുമോ ? | ബി ) | Right of Way (RoW) അനുമതി നൽകുന്നതിന് സേവന ദാതാക്കളിൽ നിന്നും ഫീസൊന്നും ഇപ്പോൾ ഈടാക്കുന്നില്ല. എന്നാൽ പൊതുമരാമത്ത് വകുപ്പ്, നിശ്ചിത തുകയുള്ള ബാങ്ക് ഗ്യാരന്റി ഇതിനായി വാങ്ങുന്നുണ്ട്. ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിച്ചു കഴിഞ്ഞാൽ ബാങ്ക് ഗ്യാരണ്ടി തിരിച്ച് നൽകണമെന്നാണ് വ്യവസ്ഥ. |

സെക്ഷൻ ഓഫീസർ